**അടിയന്തരപ്രമേയം**

തെരുവുനായ ശല്യം

മി. സ്പീക്കർ: സംസ്ഥാനത്ത് തെരുവുനായ ശല്യം രൂക്ഷമാകുന്നതുമൂലം നിരവധിപേർക്ക് തെരുവുനായയുടെ കടിയേൽക്കുകയും പലരും മരണപ്പെടുകയും ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ബഷീർ, ടി. ജെ. വിനോദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വളരെ പ്രാധാന്യത്തോടെ സർക്കാർ കാണുന്നതും തീരുമാനങ്ങളെടുത്തിട്ടുള്ളതും ഇടപെടലുകൾ നടത്തുന്നതുമായ ഒരു വിഷയമാണിത്. പേവിഷബാധയേറ്റ് സംസ്ഥാനത്ത് ഈ വർഷം ഇതുവരെ 20 മരണങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവരിൽ 15 പേരും പേവിഷബാധയ്ക്കെതിരെയുള്ള വാക്സിൻ, IDRV (Intra-Dermal Rabies Vaccination), Immunoglobulin എന്നിവ എടുക്കാത്തവരാണ്. ഒരാൾ

ഭാഗികമായി വാക്സിൻ എടുത്തിട്ടുള്ള ആളാണ്. 4 പേർ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ഐ.ഡി.ആർ.വി.യും ഇമ്മ്യൂണോഗ്ലോബുലിനും എടുത്തിട്ടുള്ളവരാണ്. സംസ്ഥാനത്തുണ്ടായിട്ടുള്ള എല്ലാ പേവിഷബാധ മരണങ്ങളും ജില്ലാതലത്തിൽ വിശദമായ അന്വേഷണം നടത്തി, ഡെത്ത് ഇൻഫർമേഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ആളുകളുടെ ആശങ്കയകറ്റുന്നതിനും തെറ്റിദ്ധാരണകൾ ഒഴിവാക്കി കൃത്യമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനും ഉണ്ടായിട്ടുള്ള ഓരോ മരണവും സംബന്ധിച്ച് ശാസ്ത്രീയമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിവിധ വിഭാഗങ്ങളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടാഴ്ചയ്ക്കുള്ളിൽ ഈ സമിതിയുടെ റിപ്പോർട്ട് ലഭിക്കും. പേവിഷബാധയ്ക്കെതിരായ കുത്തിവയ്പ്പ് എടുത്തിട്ടും മരണമടഞ്ഞവരിൽ നായ്ക്കളിൽനിന്നുള്ള കടിയേറ്റിരിക്കുന്നത്, രോഗബാധ സാദ്ധ്യത കൂടുതലുള്ള മുഖം, കഴുത്ത്, കൈവെള്ള, വിരലുകൾ എന്നിവിടങ്ങളിലാണ്. ഇവയെല്ലാം കാറ്റഗറി-III വിഭാഗത്തിൽപ്പെട്ട മുറിവുകളാണ്. ഇവർക്കെല്ലാംതന്നെ നായയുടെ കടിയേറ്റ് ഒരുമാസത്തിനുള്ളിൽ മരണം സംഭവിച്ചിട്ടുണ്ട്. പേവിഷബാധ സംബന്ധിച്ച്

ചർച്ച ചെയ്യാൻ 18-07-2022-ന് ആരോഗ്യം, തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം എന്നീ വകുപ്പുമന്ത്രിമാർ സംയുക്തമായി യോഗം ചേർന്നിരുന്നു. ഈ മൂന്ന് വകുപ്പുകളിലെയും ഉന്നത ഉദ്യോഗസ്ഥരും ഈ യോഗത്തിൽ പങ്കെടുത്തു. പേവിഷബാധ തടയുന്നതിന് സമയബന്ധിതമായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിക്കുകയും അതിനനുസരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 25-08-2022-ന് മുൻയോഗ തീരുമാനങ്ങൾ എത്രത്തോളം നടപ്പിലായെന്ന് പരിശോധിക്കാൻ വീണ്ടും മൂന്ന് വകുപ്പുമന്ത്രിമാരുടെയും നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു. യോഗതീരുമാനങ്ങളനുസരിച്ച് ഓരോ വകുപ്പും ചെയ്യേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ ഉത്തരവുകൾ പുറപ്പെടുവിച്ച് ആവശ്യമായിട്ടുള്ള തുടർനടപടികൾ ഊർജ്ജിതമായും സമയബന്ധിതമായും നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് 23-08-2022-ൽ ഇതുസംബന്ധിച്ച് വളരെ വ്യക്തമായിട്ടുള്ള ഉത്തരവും ഇറക്കിയിട്ടുണ്ട്. തെരുവുനായ്ക്കളുടെ വന്ധ്യംകരണം പൂർണ്ണമായും നിലച്ചുവെന്ന വാദം ശരിയല്ല. കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി ആക്റ്റുകൾ പ്രകാരം അലഞ്ഞുതിരിഞ്ഞ് നടക്കുന്ന

തെരുവുനായ്ക്കളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ചുമതല നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ഉണ്ടെങ്കിലും കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ രൂപപ്പെടുത്തിയ ആനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങൾ പ്രകാരവും കേന്ദ്ര നിർദ്ദേശങ്ങൾ പ്രകാരവും നായ്ക്കളെ കൊന്നുകളയാൻ പാടില്ലാത്തതും എന്നാൽ വന്ധ്യംകരണ പ്രവർത്തനം നടത്തി അവയെ നിയന്ത്രിക്കേണ്ടതുമാണ്. സംസ്ഥാനത്ത് 2017 മുതൽ തെരുവുനായ നിയന്ത്രണ പദ്ധതി അഥവാ എ.ബി.സി. പദ്ധതി തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, എറണാകുളം, വയനാട് എന്നീ 8 ജില്ലകളിൽ കുടുംബശ്രീ മുഖേനയാണ് നടപ്പിലാക്കുന്നത്. മറ്റുള്ള ജില്ലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തംനിലയ്ക്കും സംയുക്ത പ്രോജക്ട് മുഖേനയും മൃഗസംരക്ഷണ വകുപ്പുമായിചേർന്ന് പദ്ധതി നടപ്പിലാക്കിവരികയായിരുന്നു. കുടുംബശ്രീക്ക് ആനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരം ഇല്ലായെന്ന വാദമുയർത്തി ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 13204/2021 കേസിൽ 19-07-2021-ന് കുടുംബശ്രീ മുഖാന്തരം എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ഇടക്കാല വിധിയുണ്ടാകുകയും

ആയതിന്റെ ഭാഗമായി കുടുംബശ്രീ മുഖാന്തരമുള്ള പ്രവർത്തനങ്ങൾ തടസ്സപ്പെടുകയും ചെയ്തു. 2017 മുതൽ 2021 വരെയുള്ള കാലയളവിൽ കുടുംബശ്രീ മുഖാന്തരം 79426 നായ്ക്കളിൽ വന്ധ്യംകരണം നടത്തുകയുണ്ടായി. ഇപ്രകാരം പ്രവർത്തനം നടന്നുവരവെയാണ് കുടുംബശ്രീ മുഖേനയുള്ള വന്ധ്യംകരണ പ്രവൃത്തി തടസ്സപ്പെട്ടത്. എന്നാൽ ഇതേ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പുമായിചേർന്ന് വന്ധ്യംകരണ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടി സമാന്തരമായി സ്വീകരിക്കുകയുണ്ടായി. കുടുംബശ്രീ നേരിട്ട് ആനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയ്ക്ക് അപേക്ഷ നൽകി തൃശ്ശൂർ, എറണാകുളം ജില്ലകളിലെ കുടുംബശ്രീയുടെ എ.ബി.സി. കേന്ദ്രങ്ങൾ ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിൽനിന്നുള്ള സംഘം നേരിട്ട് പരിശോധിച്ചുവെങ്കിലും അവർ അംഗീകാരം നൽകിയില്ല. വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. എന്നാൽ അതുകൊണ്ട് എ.ബി.സി. പ്രവർത്തനങ്ങൾ തടസ്സപ്പെടരുതെന്ന കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയെല്ലാംതന്നെ ഇതിൽ

ഉൾപ്പെടുത്തിക്കൊണ്ട് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് ശ്രമിക്കുന്നത്. എ.ബി.സി. പ്രോഗ്രാമിനുള്ള സൗകര്യമില്ലാത്ത എല്ലാ ബ്ലോക്കുകളിലും ഇതിനുവേണ്ടിയുള്ള ഓപ്പറേഷൻ തീയേറ്റർ, നായ്ക്കളെ താമസിപ്പിക്കുന്നതിനുള്ള ഷെൽറ്റർ, മറ്റ് സൗകര്യങ്ങൾ എന്നിവ ഒരുക്കാൻ സംയുക്ത യോഗത്തിൽ തീരുമാനിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നുണ്ട്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് അറിയിക്കുകയാണ്.

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, നമ്മുടെ സംസ്ഥാനത്തെ മൂന്നരക്കോടി ജനങ്ങൾക്ക് ഇന്ന് സമാധാനപരമായി ജീവിക്കാൻ കഴിയാത്ത അവസ്ഥയും നായ്ക്കൾക്ക് സുഖകരമായി ജീവിക്കാൻ കഴിയുന്ന ഒരു അവസ്ഥയുമാണുള്ളതെന്നുള്ളതാണ് ഏറ്റവും സങ്കടകരമായ ഒരു കാര്യം. മനുഷ്യരെ പട്ടി കടിച്ചാൽ വാർത്തയല്ല, പട്ടിയെ മനുഷ്യൻ കടിച്ചാലാണ് ഇപ്പോൾ വാർത്തയാകുന്നത്. പട്ടിയെ മനുഷ്യൻ കടിക്കേണ്ട അവസ്ഥയിലേയ്ക്കാണ് ഇപ്പോൾ നമ്മുടെ സംസ്ഥാനം എത്തിയിട്ടുള്ളതെന്നത് വളരെ ദുഃഖകരമായ അവസ്ഥയാണ്. ഇവിടെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇല്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രി

പറഞ്ഞ മറുപടിയിൽ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേയുള്ളൂ. ഈ സമ്മേളനത്തിൽ (23-08-2022) ഞാനും ശ്രീ. മഞ്ഞളാംകുഴി അലിയും ശ്രീ. എൻ. ഷംസുദ്ദീനും ഡോ. എം. കെ. മുനീറും ചോദിച്ച, 'തെരുവുനായ്ക്കളുടെ ശല്യം നേരിടുന്നതിനുള്ള നടപടികൾ' എന്ന ചോദ്യത്തിലെ 'അക്രമകാരികളായ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവയെ വന്ധീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ'; എന്ന ചോദ്യത്തിന് 'മേൽ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്' എന്നാണ് മറുപടി നൽകിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് ശ്രദ്ധിക്കണം. എവിടേയ്ക്കാണ് ഈ പോക്ക്; ഇപ്പോഴും പരിഗണനയിലാണ് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. 'എ.ബി.സി.' എന്ന് നിങ്ങൾ പറയുന്നുണ്ട്, 'Animal Birth Control' എന്നത് എവിടെ നടന്നു; ഏത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു. എനിക്ക് ഭയങ്കര സങ്കടമുണ്ട്. 28-10-2016-ൽ ഇതേ വിഷയം സംബന്ധിച്ച് ഞാനൊരു അടിയന്തരപ്രമേയം സഭയിൽ അവതരിപ്പിച്ചിരുന്നു. ഇന്നും അതേ വിഷയം സംബന്ധിച്ച് ഒരു അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ട ഒരു അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ എത്തിയിട്ടുള്ളത്. എന്താണ്

തെരുവുനായ്ക്കളുടെ സ്ഥിതി; കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയുന്നുണ്ടോ; രാവിലെ പ്രഭാത സവാരി നടത്താൻ കഴിയുന്നുണ്ടോ, ബസ് കാത്തുനിൽക്കാൻ കഴിയുന്നുണ്ടോ; മാർക്കറ്റിൽ പോകാൻ കഴിയുന്നുണ്ടോ; കക്ഷി-രാഷ്ട്രീയമില്ലാതെ നമ്മൾ അതിനെകുറിച്ച് ചിന്തിക്കണം. ഈ വിഷയം സർക്കാർ ഗൗരവമായി കാണണം, ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട സ്പീക്കറുടെ അധീനതയിലാണല്ലോ ഈ നിയമസഭാ സമുച്ചയവും എം.എൽ.എ. ക്വാർട്ടേഴ്സും. ഇതുവഴി രാവിലെ ആർക്കെങ്കിലും നടക്കാൻ കഴിയുന്നുണ്ടോ; സെക്രട്ടേറിയറ്റിലേയ്ക്ക് ആർക്കെങ്കിലും പോകാൻ കഴിയുമോ; സെക്രട്ടേറിയറ്റിലേയ്ക്ക് ഒന്ന് ഇറങ്ങി നടന്നുനോക്കിയാൽ അറിയാം അവിടത്തെ സ്ഥിതി. എം.എൽ.എ. ക്വാർട്ടേഴ്സിൽ വേസ്റ്റ് എടുക്കാൻ വേണ്ടി നായ്ക്കൾ ഓടിനടക്കുകയാണ്. മുകളിലത്തെ നിലയിലേയ്ക്ക് വരികയാണ്, ഏത് റൂമിലേയ്ക്കാണ് വരാത്തത്; നമ്മുടെ കാര്യം മാത്രമല്ല, ജനങ്ങളുടെ കാര്യം, സാധാരണക്കാരുടെ കാര്യം, കുട്ടികളുടെ കാര്യമെല്ലാം ആലോചിക്കണം. താമരശ്ശേരി അടിവാരത്ത് മുപ്പത്തഞ്ച് വയസ്സുള്ള ഒരു വീട്ടമ്മ സ്വന്തം കുട്ടിയെ സ്കൂൾ ബസ്സിൽ കയറ്റി തിരിച്ചുവരുന്നവഴി നായ പിന്നാലെ കൂടിയതുകാരണം ടിപ്പർ ലോറിയിടിച്ച് മരിച്ചു. ദുഃഖകരമായ ആ അവസ്ഥ നമ്മൾ

മനസ്സിലാക്കണം. ഇതിന് ആദ്യം എന്താണ് ചെയ്യേണ്ടത്. നായ്ക്കൾക്ക് വന്ധ്യംകരണം നടത്തുന്നുണ്ടെന്നത് ശരിയാണ്. പക്ഷെ അവ വായ കൊണ്ടാണ് കടിക്കുന്നത്. അതിനെന്തെങ്കിലും പരിഹാരമുണ്ടോയെന്നാണ് ആദ്യം കണ്ടുപിടിക്കേണ്ടത്. വന്ധ്യംകരണം നടത്തിയാൽ അവ പ്രസവിക്കില്ലെന്നേയുള്ളൂ, വേറൊന്നുമില്ല. അതിന്റെ നിയമങ്ങളൊക്കെ ആലോചിക്കണം. മന്ത്രിമാരായ ശ്രീ. പി. രാജീവും ശ്രീ. കെ. എൻ. ബാലഗോപാലുമൊക്കെ ലോക്സഭയിലും രാജ്യസഭയിലും ഉണ്ടായിരുന്നതാണല്ലോ, ഈ നിയമം പാസ്സാക്കിയപ്പോൾ എല്ലാവരും എവിടെയായിരുന്നു? നിങ്ങളൊന്ന് ആലോചിച്ചുനോക്കൂ. ആ നിയമത്തിൽ മൃഗങ്ങളുടെ കാര്യം മാത്രമേയുള്ളൂ, മനുഷ്യരില്ല. മനുഷ്യജീവന് ഏറ്റവും പ്രയാസമുള്ള, മനുഷ്യന് നടക്കാൻ പറ്റാത്ത അവസ്ഥയിൽ ഇങ്ങനെയൊരു നിയമമുണ്ടാക്കുമ്പോൾ അതിൽ മനുഷ്യനുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കണ്ടേ? അത് അവിടെയാരെങ്കിലും മനസ്സിലാക്കിയോ? അതിന്റേതാണ് ഇപ്പോഴുണ്ടായിരിക്കുന്ന പ്രശ്നം. കൃഷിയിടങ്ങളിൽ പന്നിയിറങ്ങിയാൽ അതിനെ വെടിവച്ച് കൊല്ലാൻ ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്. പക്ഷെ പേബാധയുള്ള നായ്ക്കളെ

വെടിവച്ച് കൊല്ലാൻ എന്തെങ്കിലും അധികാരമുണ്ടോ? അവയെ കൊല്ലണമെന്നല്ല ഞാൻ പറയുന്നത്, ഒരു മനേകാ ഗാന്ധി മാത്രം തീരുമാനമുണ്ടാക്കിയാൽ പോരാ, ഇതിന്റെ വിഷയങ്ങൾ എല്ലാവരും മനസ്സിലാക്കണം. തെരുവ് നായയുടെ ആക്രമണത്തിൽനിന്നും രക്ഷപ്പെടുന്നവഴി ഒരു ആറ് വയസ്സുകാരൻ കുഴൽകിണറിൽ വീണ് മരിച്ച സംഭവം പഞ്ചാബിലുണ്ടായത് നമ്മളെല്ലാവരും പത്രത്തിൽ വായിച്ചല്ലോ, സമാനസ്ഥിതി നമ്മുടെ നാട്ടിൽ എവിടെയും എപ്പോഴും സംഭവിക്കാവുന്ന ഒരു ദുരന്തമാണ്. അതാണ് നമ്മൾ മനസ്സിലാക്കേണ്ടത്.

രാജ്യത്ത് നായ്ക്കളുടെ കടിയേറ്റ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ആദ്യത്തെ ആറ് സംസ്ഥാനങ്ങളിലൊന്ന് കേരളമാണെന്ന് നമ്മൾ മനസ്സിലാക്കണം. ആരോഗ്യരംഗത്ത് നമ്മൾ മുൻപിലാണല്ലോ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വാക്സിന്റെ കാര്യങ്ങളും പറയുന്നുണ്ടല്ലോ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കട്ടെ, എന്താണ് നമ്മുടെ വാക്സിന്റെ സ്ഥിതി? 2021-ൽ 16 പേരും 2022-ൽ 20 പേരുമാണ് പേവിഷബാധയേറ്റ് മരിച്ചത്. പാലക്കാട് മങ്കടയിൽ അയൽവീട്ടിലെ നായയുടെ കടിയേറ്റ ബി.സി.എ. വിദ്യാർത്ഥിനി ശ്രീലക്ഷ്മി എന്ന

പത്തൊൻപത് വയസ്സുകാരി വാക്സിൻ എടുത്തിട്ടും മരിച്ചു. ശ്രീ. ടി. പി. രാമകൃഷ്ണന്റെ നിയോജകമണ്ഡലമായ പേരാമ്പ്ര കൂത്താളിയിൽ തെരുവ് നായയുടെ കടിയേറ്റ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരിച്ച പേരാമ്പ്ര പുതിയേടത്ത് ചന്ദ്രിക നാല് ഡോസ് വാക്സിനാണ് എടുത്തിരുന്നത്. കഴിഞ്ഞ വർഷം ഒക്ടോബറിൽ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ പേവിഷ പ്രതിരോധ കുത്തിവയ്പ് എടുത്ത ഏഴ് വയസ്സുള്ള കുട്ടി, ഇന്നലെ തൃശ്ശൂരിലെ 60 വയസ്സുള്ള ആദിവാസി വയോധിക മനയ്ക്കൽ പാറു എന്നിവർ മരിച്ചു. ഇവരൊക്കെ നായയുടെ കടിയേറ്റാണ് മരിച്ചത്. നമ്മൾ ഏത് കാലത്തേയ്ക്കാണ് പോകുന്നത്? അതുകൊണ്ടുതന്നെ ഈ വിഷയം ഗൗരവമായി എടുക്കണം. എങ്ങനെയാണ് വാക്സിന്റെ പ്രശ്നമുണ്ടായത്? ബഹുമാനപ്പെട്ട മന്ത്രി പറയുന്നതാണോ ശരി. ആദ്യം വാക്സിന് ഓർഡർ കൊടുത്തു. അപ്പോൾ എന്തായി സ്ഥിതി? അതിന്റെ ക്വാളിറ്റി നോക്കിയില്ല. വാക്സിൻ ഉൽപ്പാദിപ്പിച്ച് 40 ദിവസം കഴിഞ്ഞുവേണം അത് ലഭിക്കാൻ. അടിയന്തരമായി കെ.എം.എസ്.സി.എൽ. (Kerala Medical Services Corporation Limited) ഓർഡർ കൊടുത്തു. പരിശോധന കൂടാതെയാണ് വാക്സിൻ ലഭിച്ചത്. അപ്പോൾ വാക്സിൻ നിർമ്മാണ കമ്പനി

എന്താണ് എഴുതിയത്? വാക്സിൻ കുത്തിവച്ച് എന്തെങ്കിലും സംഭവിച്ചാൽ ഞങ്ങൾ ഉത്തരവാദികളല്ല എന്നാണ് കെ.എം.എസ്.സി.എൽ-ന് കൊടുത്ത മറുപടി. ആ മെയിലിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. പിന്നീട് എന്തുചെയ്തു? ഈ പ്രശ്നങ്ങൾ വന്നപ്പോൾ ആ 50000 ഡോസ് വാക്സിൻ മാറ്റിവച്ചു. എന്നിട്ട് തമിഴ്നാട്ടിൽനിന്നും 5000 ഡോസ് വാക്സിൻ കൊണ്ടുവന്നു. ആ വാക്സിനാണ് പേരാമ്പ്രയിൽ പേവിഷബാധയേറ്റ് മരിച്ച ആൾക്ക് നൽകിയത്. അപ്പോൾ അതും നിർത്തി. എവിടേയ്ക്കാണ് നിങ്ങളുടെ പോക്ക്? ജനങ്ങൾക്ക് ഈ വാക്സിനിൽ ഒരു വിശ്വാസമുണ്ടാകണ്ടേ; അതിനാവശ്യമായ സംവിധാനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടോ? മെഡിക്കൽ ബോഡികളിലെ ഏറ്റവും താഴെത്തട്ടിലുള്ള താലൂക്ക് ആശുപത്രികളിലെങ്കിലും ഈ വാക്സിൻ എത്തണ്ടേ? ഇത് എവിടെയാണുള്ളത്, ആർക്കാണിത് കൊണ്ടുവരാൻ സാധിക്കുക. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി പറഞ്ഞത് ഇവിടെ ടൂറിസം വികസിക്കുന്നുണ്ടെന്നാണ്. എങ്ങനെ വികസിക്കാനാണ്, മനുഷ്യർ ഈ നാട്ടിലേയ്ക്ക് വരുമോ? ഒന്നാമതായി, റോഡിലെ കുഴി, രണ്ടാമത് തെരുവുനായ്ക്കൾ. ഇക്കാര്യങ്ങൾ നാം മനസ്സിലാക്കണം. അരലക്ഷം വാക്സിനാണ് പിൻവലിക്കുന്നതെന്ന് ആദ്യം പറഞ്ഞത്. ഈ അഞ്ഞൂറും

ആയിരവും എത്തിച്ചത് എന്തിനാണ്. കഴിഞ്ഞ മാർച്ചിനകം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിരുന്നെങ്കിൽ ജൂൺ ആദ്യവാരം മരുന്ന് എത്തുമായിരുന്നില്ലേ, എന്താണ് ആരോഗ്യ വകുപ്പിന് സംഭവിച്ചത്? ആ വിവാദം തീർക്കാനാണ് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കോയമ്പത്തൂരുനിന്നും വാക്സിൻ കടം വാങ്ങി പാലക്കാട് എത്തിച്ചത്. എന്നിട്ട് കമ്പനിയുടെ പരിശോധനാ സർട്ടിഫിക്കറ്റ് അന്നത്തെ എം.ഡി. ശ്രീറാം വെങ്കിട്ടരാമന്  മെയിൽ അയച്ചു. എന്തെങ്കിലും സംഭവിച്ചാൽ ഞങ്ങൾ ഉത്തരവാദികളല്ല എന്നാണ് വാക്സിൻ കമ്പനി അന്ന് പറഞ്ഞത്. പിന്നെ എന്തിനാണ് അത് കൊടുക്കുന്നത്. ജനങ്ങളുടെ ആരോഗ്യസുരക്ഷയും അവരുടെ ജീവനും സംരക്ഷണം നൽകേണ്ടത് ഒരു ഗവൺമെന്റല്ലേ, എവിടെയായിരുന്നു നിങ്ങളുടെ വകുപ്പുകളൊക്കെ. ഡ്രഗ്സ് കൺട്രോളർ പി. എൻ. ജയന്റെ ഒരു സ്റ്റേറ്റ്മെന്റുണ്ട്, എന്താണത്, 'കേന്ദ്ര ലാബിന്റെ അന്തിമ സർട്ടിഫിക്കറ്റില്ലാതെ വാക്സിൻ വിതരണം ചെയ്യാൻ പാടില്ല എന്നാണ് ചട്ടം. ഏത് സാഹചര്യത്തിലാണ് അന്ന് അനുമതി നൽകിയതെന്ന് വ്യക്തമല്ല. ഔദ്യോഗികമായി ആവശ്യപ്പെട്ടാൽ മാത്രമേ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് വാക്സിൻ

പരിശോധനയ്ക്കെടുക്കാൻ സാധിക്കു' എന്ന്. ഇയ്യാൾക്ക് വേറെ പണിക്ക് പൊയ്ക്കൂടേ? ഔദ്യോഗികമായി ഗവൺമെന്റ് ക്യാൻസൽ ചെയ്താലേ അയാൾ വേറെ കൊടുക്കുകയുള്ളൂ. ഒരു പരാതിയോ വാർത്തയോ വന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അതിന്റെ നിജസ്ഥിതി അന്വേഷിക്കണ്ടേ? എന്തിനാണ് അയാൾ ആ സ്ഥാനത്തിരിക്കുന്നത്? നിങ്ങളതൊന്ന് ആലോചിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിങ്ങൾ പറയുന്നത് കൊടുക്കും. ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരുമൊക്കെ ഇവിടെയുണ്ട്, ശ്രീ. വി. ശിവൻകുട്ടി മേയറായിരുന്നു. ഒരു നായയെ പിടിച്ച് അതിന് വന്ധ്യംകരണം നടത്തി മൂന്ന് ദിവസം അവിടെ നിർത്തി എവിടെനിന്നാണോ പിടിച്ചത് അവിടെ വിടുന്നതിന് 2,100 രൂപ ചെലവ് വരും. ഒരു പഞ്ചായത്തിന് നൂറ് നായ്ക്കളെ വന്ധ്യംകരണം നടത്തുമ്പോൾ 2,10,000/- രൂപ ചെലവ് വരും. ഏത് പദ്ധതിയിലാണ് ഇതിനുവേണ്ടി പണം നീക്കിവച്ചിട്ടുള്ളത്? നിങ്ങൾ കോ-ഓർഡിനേഷൻ കമ്മിറ്റി മിനിഞ്ഞാന്ന് കൂടി സർക്കുലർ ഇറക്കിയത് കണ്ടു, ഇവിടെ എട്ട് മാസമായിട്ട് 124742 ആളുകളെ നായ കടിച്ചു. എവിടെയായിരുന്നു നിങ്ങൾ? എന്നാണ് നിങ്ങൾ മൂന്ന് വകുപ്പുമന്ത്രിമാർ ഒരുമിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി, റിവ്യൂ ചെയ്യുമ്പോൾ ഇതൊന്ന് പരിശോധിക്കണം. മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ മന്ത്രിമാർ നാല് മാസം മുൻപല്ലേ യോഗം ചേർന്ന് അവലോകനം ചെയ്തത്. സംസ്ഥാനത്ത് ഏത് പഞ്ചായത്തിനാണ് ഇതിനുവേണ്ടി തുക നീക്കിവച്ചത്. ഇപ്പോൾ നിങ്ങൾ പറയുന്നു, ജില്ലാ പഞ്ചായത്തിന് ഇത് കൈമാറും, അവരാണ് ഇതിന് മേൽനോട്ടം വഹിക്കുന്നതെന്ന്. കഴിഞ്ഞ നിയമസഭയിൽ അന്നത്തെ പഞ്ചായത്ത് വകുപ്പുമന്ത്രി എനിക്ക് നൽകിയ മറുപടിയിൽ പറഞ്ഞത്, തിരുവനന്തപുരം ജില്ലയിൽ ഫോറസ്റ്റിന്റെ 50 സെന്റ് സ്ഥലത്ത് ഷെൽട്ടറുണ്ടാക്കി നായ്ക്കളെ അങ്ങോട്ട് കൊണ്ടുപോകുമെന്നാണ്. അത് നടന്നോ? ആറ് വർഷം മുമ്പ് പറഞ്ഞ മറുപടിയാണ്. ഏറ്റവും ജനസാന്ദ്രതയുള്ള നമ്മുടെ സംസ്ഥാനത്ത് എങ്ങനെയാണ് ഇത് നടക്കുക. ഒന്നുകിൽ ആ പഞ്ചായത്തിൽ കാര്യങ്ങൾ നടക്കണം. പിന്നെ കോടതി മുഖേനയാണോ ഈ കാര്യങ്ങൾ ശ്രദ്ധിക്കുന്നത്? കോടതി ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ കേൾക്കണം. കോടതിക്ക് അധികാരമില്ലാത്ത കാര്യങ്ങളിലെല്ലാം കോടതി ഇടപെടുന്നുണ്ടല്ലോ, ഗവൺമെന്റിന് കർശന നിർദ്ദേശം നൽകുന്നുണ്ടല്ലോ, ഇവിടെ പാസ്സാക്കിയ നിയമത്തിനെതിരായി

കോടതി അഭിപ്രായങ്ങൾ പറയുന്നുണ്ടല്ലോ. ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് എന്താണ് കോടതി ഒന്നും പറയാത്തത്? നന്നായി നടന്നുകൊണ്ടിരുന്ന കുടുംബശ്രീ കോടതി ഇടപെട്ടുകൊണ്ടാണ് കുളമാക്കിയത്. ഇത് കോടതിയിൽ വേണമെങ്കിലും ഞങ്ങൾ പറയാം. ഞങ്ങൾക്ക് പറയേണ്ട കാര്യങ്ങൾ പറയും. കോടതി കുടുംബശ്രീയെ ഇത് ഏൽപ്പിച്ചിരുന്നു. അങ്ങനെയാണെങ്കിൽ മൃഗസ്നേഹികളുടെ സംഘടനയുണ്ടല്ലോ; അവർക്ക് എന്താണ് പണി? അവർ മൃഗങ്ങളുടെ ഫോട്ടോ കാണിച്ച് പണം വാങ്ങി പൂട്ടടിക്കുന്നുണ്ടല്ലോ; അത് നിങ്ങൾ ആലോചിച്ചുനോക്കൂ. ഞങ്ങൾ കഴിഞ്ഞ തവണ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ടുകൊണ്ട് ഇക്കാര്യം പറഞ്ഞതാണല്ലോ. നമുക്ക് കാറിൽനിന്നും ഇറങ്ങി പെട്ടെന്ന് നടക്കാൻ പറ്റുമോ, നാട്ടിൽ എല്ലാവരുടെയും സ്ഥിതി അങ്ങനെയാണ്. വിദേശത്തുനിന്നും മക്കളും പേരക്കുട്ടികളും വന്നാൽ റോഡിലേയ്ക്ക് അവരെ പറഞ്ഞുവിടില്ല, കുട്ടികൾക്ക് മുറ്റത്ത് കളിക്കാൻ സാധിക്കില്ല, വിദേശത്ത് ഫ്ലാറ്റിൽ താമസിക്കുന്നതുകാരണം നാട്ടിൽ വന്ന് മുറ്റത്ത് കളിക്കാമെന്ന് വിചാരിച്ചാൽ അതിനും കഴിയില്ല. ഗൗരവമായ വിഷയം നിങ്ങൾ

കാണണം. നായ്ക്കളെ കൊല്ലണമെന്ന് ഞങ്ങൾ പറയില്ല, ഇനി അങ്ങനെ പറഞ്ഞ് വിവാദമാക്കുന്നില്ല. എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടത്തണം. പിന്നെ അവ വായകൊണ്ട് കടിക്കുന്നതുകൊണ്ട് എന്താണ് അതിനൊരു മാർഗ്ഗമെന്ന് പറയണം. ലോകായുക്തയുടെ പല്ല് പറിച്ചാൽ പോരാ, പട്ടിയുടെ പല്ലും പറിക്കണം. അതിനൊരു തീരുമാനമുണ്ടാകണം, അതിനാണ് നിയമമുണ്ടാക്കേണ്ടത്. ഈ ഗവൺമെന്റ് ജനങ്ങളുടെ ജീവനും സ്വത്തിനും ആരോഗ്യ പ്രശ്നങ്ങൾക്കും മുൻഗണന നൽകി അവർക്ക് സ്വൈര്യമായി യാത്ര ചെയ്യാൻ, കുട്ടികൾക്ക് സ്കൂളിൽ പോകാൻ, അവർക്ക് സുഖമായി ജീവിക്കാനുള്ള സംവിധാനമുണ്ടാക്കണം. അതുകൊണ്ട് ഈ വിഷയം ഗൗരവമായി പരിഗണിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം സബ്ജക്ട് കമ്മിറ്റിയിലൊക്കെയുള്ളതുകൊണ്ട് സാധാരണ എല്ലാ വിഷയങ്ങളും കൃത്യമായി പഠിച്ചാണ് അവതരിപ്പിക്കാറുള്ളത്. പക്ഷെ ഇന്ന് അദ്ദേഹത്തെ ചില കാര്യങ്ങളിൽ ആരോ തെറ്റിദ്ധരിപ്പിച്ചതായി കാണുന്നുണ്ട്.

<u>മി. സ്പീക്കർ</u>: ഇന്ന് സാധാരണയിലും ഗൗരവത്തിലാണ് അദ്ദേഹം സംസാരിച്ചത്.

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ഞാൻ തുടക്കത്തിൽ പറഞ്ഞ കാര്യം ഒന്നുകൂടി ആവർത്തിക്കുകയാണ്, ഇത് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. സർക്കാർ അതേ ഗൗരവത്തിൽ, അതേ പ്രാധാന്യം നൽകിക്കൊണ്ടാണ് ഇതിനെ കാണുന്നത്. സംസ്ഥാനത്ത് പേവിഷബാധയേറ്റ് മരണമടഞ്ഞ 20 പേരിൽ 5 പേരും വീടുകളിൽ വളർത്തുന്ന നായ്ക്കളുടെ കടിയേറ്റാണ് മരിച്ചത്. ബാക്കി 15 പേരും വാക്സിൻ എടുത്തിട്ടില്ല, ഒരാൾ ഭാഗികമായി വാക്സിൻ എടുത്തിരുന്നു, നാല് പേർ മാനദണ്ഡപ്രകാരം വാക്സിൻ എടുത്തിട്ടുണ്ട്. എന്തുകൊണ്ടാണ് വാക്സിൻ എടുത്തിട്ടും മരണപ്പെട്ടത് എന്നുള്ളതാണ് ചോദ്യം. വളരെ പ്രസക്തമായ ഒരു ചോദ്യമാണത്. അതിന് മെഡിക്കൽ രംഗത്തെ വിദഗ്ദ്ധർ നൽകിയിട്ടുള്ള ഉത്തരം നാഡീവ്യൂഹങ്ങൾ കൂടുതലുള്ള കൈകളിൽ അതുപോലെ തലച്ചോറുമായി സാമീപ്യമുള്ള മുഖം, ചെവി, കഴുത്ത്, ചുണ്ടുകൾ എന്നിവിടങ്ങളിൽ പേവിഷബാധയുള്ള നായ്ക്കളിൽനിന്നും കടിയേൽക്കുമ്പോൾ വളരെ പെട്ടെന്നുതന്നെ വൈറസ് തലച്ചോറിലെത്തുകയും

പേവിഷബാധയേറ്റുള്ള മരണം സംഭവിക്കുകയും ചെയ്യുകയാണ്. നിഷ്കർഷിച്ച മാനദണ്ഡപ്രകാരം വാക്സിൻ എടുത്ത നാല് പേരിലും വാക്സിൻ ശരീരത്തിൽ പ്രവർത്തിച്ചുതുടങ്ങുന്നതിന് മുൻപുതന്നെ വൈറസ് തലച്ചോറിൽ എത്തിയിരുന്നു എന്നുള്ളതാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. വാക്സിൻ പ്രവർത്തിച്ച് തുടങ്ങുന്നതിന് രണ്ടാഴ്ച സമയമാണ് എടുക്കുന്നത്. അപ്പോൾ അതിന് മുൻപുതന്നെ വൈറസ് തലച്ചോറിൽ എത്തിയിട്ടുണ്ട് എന്നുള്ളതാണ്. വാക്സിനേഷൻ സംബന്ധിച്ച ഒരു പൊതുബോധം സമൂഹത്തിലുണ്ടാകേണ്ടതുണ്ട്. നായ്ക്കളിൽ നിന്നുള്ള കടിയേൽക്കുമ്പോൾ ആദ്യമേ ചെയ്യേണ്ടത് പത്ത് മുതൽ പതിനഞ്ച് മിനിട്ടുവരെ സോപ്പുപയോഗിച്ചോ വെള്ളമുപയോഗിച്ചോ കഴുകുകയെന്നുള്ളതാണ്. വൈറസ് നെർവ്സിലൂടെ തലച്ചോറിലെത്തുന്നത് തടയുന്നതിന് ആദ്യമേ നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യം അതുതന്നെയാണ്. അതിനുശേഷം എത്രയുംപെട്ടെന്ന് ഐ.ഡി.ആർ.വി.-യും ഇമ്മ്യൂണോഗ്ലോബുലിനും എടുക്കുകയെന്നുള്ളതാണ്. ബഹുമാനപ്പെട്ട അംഗം വാക്സിനെ സംബന്ധിച്ച കാര്യം പറഞ്ഞു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ് നമുക്ക് മരുന്നുകൾ ലഭ്യമാകുന്നത്. ഐ.ഡി.ആർ.വി. (ഇൻട്രാ

ഡെർമൽ റാബീസ് വാക്സിൻ)-യും ഇമ്മ്യൂണോഗ്ലോബുലിനും കെ.എം.എസ്.സി.എൽ. മുഖേനയാണ് ലഭ്യമാക്കുന്നത്. ഇതിന് കേന്ദ്ര ലബോറട്ടറിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റുള്ളതാണ്. എന്നാൽ ഖസോളിയിലെ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റ് വേണമെന്നുള്ളത് കെ.എം.എസ്.സി.എൽ.-ന്റെ ഒരു പ്രത്യേകമായിട്ടുള്ള മാനദണ്ഡമാണ്. സാധാരണ ഏതു കമ്പനിയും ഏത് ബാച്ച് മരുന്നുല്പാദിപ്പിക്കുമ്പോൾ രണ്ട് തവണ ഇൻഹൗസ് ടെസ്റ്റ് ചെയ്യും. ആ ഇൻഹൗസ് ടെസ്റ്റുകൾ കൂടാതെ കെ.എം.എസ്.സി.എൽ. നിഷ്കർഷിച്ച ഒരു മാനദണ്ഡം കെ.എം.എസ്.സി.എൽ. വാങ്ങുന്ന മരുന്നുകൾക്കെല്ലാം സി.ഡി.എൽ.-ന്റെ ഗുണനിലവാര സർട്ടിഫിക്കേഷൻ ഉണ്ടാകണമെന്നുള്ളതാണ്. അങ്ങിവിടെ 50000 vial മാർക്കറ്റിൽനിന്നും പിൻവലിച്ചുവെന്ന് പറഞ്ഞു. അങ്ങനെയല്ല; കെ.എം.എസ്.സി.എൽ. ഏതാനും മാസങ്ങൾക്കുമുമ്പ് മാർക്കറ്റിലുള്ള റെസ്പോൺസസ് വളരെ കൃത്യമായി തന്നെ അവലോകനം ചെയ്തിരുന്നു. ഒരു ആശുപത്രിയിൽനിന്നും ഈ വാക്സിനെടുത്ത ഒരാൾക്ക് തരിപ്പും പെരുപ്പുപോലെയുമുണ്ടായെന്നു പറഞ്ഞപ്പോൾ ആ ബാച്ച് മരുന്ന് വളരെ കൃത്യമായി കെ.എം.എസ്.സി.എൽ.

പരിശോധിക്കുകയും വീണ്ടും ഖസോളിയിലേയ്ക്ക് അയയ്ക്കുകയും ചെയ്തപ്പോൾ ഇത് നേരത്തെ ടെസ്റ്റ് ചെയ്ത് ഗുണനിലവാര സർട്ടിഫിക്കറ്റുള്ളതിനാൽ ഇനിയും പരിശോധിക്കേണ്ട കാര്യമില്ലെന്ന് പറഞ്ഞ് വീണ്ടും അത് റിലീസ് ചെയ്യുകയാണുണ്ടായിട്ടുള്ളത്. അതുകൊണ്ട് ഇവയുടെ സംഭരണത്തിലും വിതരണത്തിലും കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നുള്ളത് ഉറപ്പാക്കുന്നുണ്ട്.

തമിഴ്നാട് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും വാക്സിൻ വാങ്ങിയതിന്റെ സാഹചര്യം കൂടി നമ്മൾ കാണേണ്ടതാണ്. ഈ കഴിഞ്ഞ കുറേ വർഷങ്ങളിലായി കേരളത്തിൽ ഐ.ഡി.ആർ.വി.-യുടെ ഉപഭോഗം ഗണ്യമായതോതിൽ വർദ്ധിച്ചിട്ടുണ്ട്. ഐ.ഡി.ആർ.വി. വാക്സിന്റെ അളവ് 2016-17-നെ അപേക്ഷിച്ച് 2021-22-ൽ 57 ശതമാനമാണ് വർദ്ധനവുണ്ടായിട്ടുള്ളത്. അതുപോലെ ഇതേ കാലയളവിൽ ആന്റി റാബീസ് സെറത്തിന്റെ അതായത് ഇമ്മ്യൂണോഗ്ലോബുലിന്റെ ഉപഭോഗവും 109% വർദ്ധിച്ചിട്ടുണ്ടെന്നുള്ളത് കാണേണ്ടതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 2017-ൽ ഏകദേശം 1,35,000 ഡോഗ് ബൈറ്റ്സാണ് ഉണ്ടായിരുന്നതെങ്കിൽ 2022 ജൂലൈ മാസം വരെയിത് 1,83,931 ആണ്.

ക്യാറ്റ് ബൈറ്റ്സിലും ഇതുപോലെയുള്ള വർദ്ധനവുണ്ടായിട്ടുള്ളതിനാൽ ഇതിനോടനുബന്ധമായി ഏതാണ്ട് ഇത്രയും ആളുകൾ വാക്സിനും എടുത്തിട്ടുണ്ട്. വാക്സിൻ എടുത്തവരിൽ നാലുപേർ മരിച്ചു. അവർ എന്തുകൊണ്ട് മരണപ്പെട്ടു എന്നുള്ളതാണ് ഞാൻ ആദ്യം പറഞ്ഞത്. ഓരോ മരണം സംബന്ധിച്ചും കൃത്യവും ശാസ്ത്രീയവുമായിട്ടുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനാണ് ഒരു മൾട്ടി ഡിസിപ്ലിനറി സമിതിയെ നിയോഗിച്ചിട്ടുള്ളത്. ആ സമിതിയുടെ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാകും.

മരിച്ചവരുടെകാര്യം ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്നലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ ചിത്രാ കോളനിയിൽ താമസിക്കുന്ന പാറു എന്ന 60 വയസ്സുള്ള അമ്മ പേവിഷബാധ ലക്ഷണങ്ങളെത്തുടർന്ന് തൃശ്ശൂർ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും പിന്നീട് മരണപ്പെടുകയുമുണ്ടായി. ഒരു മാസം മുമ്പ് കാട്ടിൽ വനവിഭവങ്ങൾ ശേഖരിക്കാൻ പോകുകയും കാട്ടിൽതന്നെ താമസിക്കുകയുമായിരുന്നുവെന്നും അവിടെനിന്നും മുഖത്തിന് മുറിവേൽക്കുകയായിരുന്നുവെന്നും ഇവർ വാക്സിൻ സ്വീകരിച്ചിട്ടില്ല എന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 11-07-2022-ൽ മുഖത്തുണ്ടായ മുറിവ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാണിച്ച്

തുന്നലിട്ടിട്ടുള്ളതായാണ് മനസ്സിലാക്കുന്നത്. ഈ ഘട്ടത്തിൽ ഇത് നായയുടെ കടിയേറ്റിട്ടാണെന്ന് വ്യക്തമാക്കാതെ പാറയുടെ മുകളിൽനിന്നും വീണ് പരിക്കേറ്റതായാണ് അന്ന് മകൻ ആശുപത്രി അധികൃതരെ അറിയിച്ചിട്ടുള്ളത്. തുടർന്ന് ഇവരുടെ കൂടെയുണ്ടായിരുന്ന ഒരാളെ കണ്ടെത്തുകയും വാക്സിനേഷനായി മെഡിക്കൽ കോളേജിലെത്തിക്കുകയും ചെയ്തിട്ടുണ്ട്. പാറുവിന്റെ കൂടെയുണ്ടായിരുന്ന മറ്റ് രണ്ടുപേരെത്തേടി ഉൾക്കാട്ടിൽ പോയെങ്കിലും അവരെ കണ്ടെത്താനായിട്ടില്ല. അവരെ കണ്ടെത്തി വാക്സിനേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ മരണപ്പെട്ട 60 വയസ്സുള്ള ഒരു വ്യക്തിക്ക് മുഖത്തും ചുണ്ടുകളിലുമാണ് കടിയേറ്റത്. (കാറ്റഗറി III wound) അന്നേ ദിവസം തന്നെ കൂത്തുപറമ്പ് താലൂക്കാശുപത്രിയിൽനിന്നും ഐ.ഡി.ആർ.വി.-യും തലശ്ശേരി ജനറൽ ആശുപത്രിയിൽനിന്നും ERIG വാക്സിനും മരണം സംഭവിക്കുന്നതിനുമുമ്പ് രണ്ട് ഡോസ് വാക്സിനുകളും തുടർന്നുള്ള വാക്സിനുകളും കൃത്യമായെടുത്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ മരണപ്പെട്ട 67 വയസ്സുള്ള വ്യക്തി കഴുത്തിലും കൈകളിലും തെരുവ് നായയുടെ കടിയേൽക്കുകയും (കാറ്റഗറി III wound)

അന്നേ ദിവസം രണ്ട് മണിക്കൂറിനുള്ളിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും ഐ.ഡി.ആർ.വി.-യും ഇമ്മ്യൂണോഗ്ലോബുലിനും എടുത്തിട്ടുണ്ട്. തുടർന്ന് മരണം സംഭവിക്കുന്നതിനുമുമ്പുള്ള രണ്ട് ഡോസ് വാക്സിനും അവിടെനിന്നും കൃത്യമായി നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ മരണപ്പെട്ട 19 വയസ്സുള്ള വിദ്യാർത്ഥിനിക്ക് അയൽവാസിയുടെ വളർത്തുനായയിൽ നിന്നാണ് കയ്യിൽ കടിയേറ്റത് (കാറ്റഗറി III wound). തുടർന്ന് ഒന്നര മണിക്കൂറിനുള്ളിൽ പാലക്കാട് ജില്ലാ ആശുപത്രിയിൽനിന്ന് ഐ.ഡി.ആർ.വി.-യും ആറ് മണിക്കൂറിനുള്ളിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിന്ന് ഇമ്മ്യൂണോഗ്ലോബുലിനുമെടുക്കുകയും മരണം സംഭവിക്കുന്നതിനുമുമ്പ് മൂന്ന് ഡോസ് വാക്സിനും കൃത്യമായെടുത്തിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ മരണപ്പെട്ട 59 വയസ്സുള്ള വ്യക്തിക്ക് ചെവിയിലും കൈകളിലും തെരുവ് നായയിൽനിന്നും കടിയേൽക്കുകയും ഏകദേശം ആറ് മണിക്കൂറിനുള്ളിൽ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽനിന്ന് ഐ.ഡി.ആർ.വി.-യും തൃശ്ശൂർ മെഡിക്കൽ കോളേജിൽനിന്ന് ഇമ്മ്യൂണോഗ്ലോബുലിനും എടുത്തിട്ടുണ്ട് (കാറ്റഗറി III wound). തുടർന്ന് മൂന്നാം ദിവസമെടുക്കേണ്ട വാക്സിൻ മുടങ്ങുകയും ഏഴാം ദിവസം വാക്സിൻ

നൽകുകയും ചെയ്തുവെങ്കിലും അടുത്ത മൂന്ന് ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ ആരംഭിക്കുകയും തുടർന്ന് മരണപ്പെടുകയും ചെയ്തു. കോഴിക്കോട് ജില്ലയിൽ മരണപ്പെട്ട 56 വയസ്സുള്ള വ്യക്തിക്ക് മുഖത്തും കൈകളിലും തെരുവുനായയുടെ കടിയേൽക്കുകയും (കാറ്റഗറി III wound) അന്നേ ദിവസംതന്നെ പേരാമ്പ്ര താലൂക്കാശുപത്രിയിൽ നിന്നും ഐ.ഡി.ആർ.വി.-യും കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും ERIG വാക്സിനും തുടർന്ന് മരണം സംഭവിക്കുന്നതിനുമുമ്പുള്ള രണ്ട് ഡോസ് വാക്സിനും വളരെ കൃത്യമായി നൽകിയിട്ടുള്ളതാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് എവിടെനിന്നാണ് ഇതിന് പണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ചോദിക്കുകയുണ്ടായി. സർക്കാരിന്റെ പരിഗണനയിലാണ് എന്നുള്ളതല്ല; വളരെ കൃത്യമായി ഈ വിഷയങ്ങളെങ്ങനെയാണ് ചെയ്യേണ്ടതെന്നത് സംബന്ധിച്ച് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ട്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രോജക്ടായാണ് എ.ബി.സി. (അനിമൽ ബർത്ത് കൺട്രോൾ) പദ്ധതി നടപ്പിലാക്കേണ്ടത്. ഇതിന്റെ മുഖ്യനിർവ്വഹണസ്ഥാപനം ജില്ലാ

പഞ്ചായത്തായിരിക്കും. ഇതിലുള്ള വിഹിതം ജില്ലാ പഞ്ചായത്തിന് മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പൊതുവിഭാഗം വികസന ഫണ്ട്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, തനത് ഫണ്ടുവിഹിതം എന്നിവ ഇതിനായി ഉപയോഗിക്കാവുന്നതാണെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

പേവിഷ നിർമ്മാർജ്ജന ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കും. അത് തദ്ദേശഭരണസ്ഥാപനതലത്തിലും ആരോഗ്യവകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നീ മൂന്ന് വകുപ്പുകളും സംയുക്തമായി സംഘടിപ്പിക്കും. പേവിഷ നിർമ്മാർജ്ജന ക്യാമ്പയിൻ സംഘടിപ്പിക്കാൻ സന്നദ്ധതയുള്ള സാമൂഹ്യപ്രവർത്തകരെയും സന്നദ്ധസംഘടനകളെയും കണ്ടെത്തി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പരിശീലനം നൽകണമെന്ന് തീരുമാനിച്ചിട്ടുള്ളതും അതിന്റെ പ്രവർത്തനമാരംഭിച്ചിട്ടുമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടാണ് എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതെങ്കിൽ ഓരോ പ്രദേശത്തെയും നായ്ക്കളുടെ എണ്ണമനുസരിച്ച് രണ്ട് ബ്ലോക്കുകൾക്ക് ഒരെണ്ണമെന്ന നിലയിൽ ഓപ്പറേഷൻ തിയേറ്റർ, നായ്ക്കളെ താമസിപ്പിക്കുവാനുള്ള ഷെൽട്ടർ, മറ്റ്

സൗകര്യങ്ങൾ എന്നിവയൊരുക്കണം. ബ്ലോക്ക് പഞ്ചായത്തുകളോടൊപ്പം സമീപത്തുള്ള നഗരസഭകളെയും കൂട്ടിച്ചേർക്കാവുന്നതാണ്. എന്നാൽ കോർപ്പറേഷനുകൾ പ്രത്യേകമായി സൗകര്യമൊരുക്കുന്നുണ്ട്. കണ്ണൂരിലെ ജില്ലാ പഞ്ചായത്താണ് ഈ പ്രോഗ്രാം നടപ്പിലാക്കുന്നത്. ബാക്കിയെല്ലാ കോർപ്പറേഷനുകളും അവരുടെ പ്രോഗ്രാമായിത്തന്നെ ഇത് നടപ്പിലാക്കുന്നുണ്ട്.

വെറ്ററിനറി സർജൻ നിശ്ചയിച്ച ഇതിന്റെ മാനദണ്ഡം (Standard Operating procedure) എന്താണെന്നുള്ളത് മുഖ്യനിർവ്വഹണ ഏജൻസിയായ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ അറിയിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. അതിനനുസരിച്ച് എങ്ങനെയായിരിക്കണം ഇത് ക്രമീകരണക്കണമെന്നത് അതിന്റെ പ്രവൃത്തിപഥത്തിലാണ്. ഇതോടൊപ്പം ഡോഗ് ക്യാച്ചേഴ്സിനെ നിയോഗിച്ച് നായ്ക്കളെ പിടികൂടിക്കൊണ്ടുവന്ന് പാർപ്പിക്കുന്നതിനുള്ള ഷെൽട്ടർ, ശസ്ത്രക്രിയയ്ക്കാവശ്യമായ മരുന്ന്, ഉപകരണങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള ചുമതലകളും നൽകിയിട്ടുണ്ട്. ഇത് ബ്ലോക്ക് തലത്തിൽ സംവിധാനമില്ലാത്തയിടങ്ങളിലാണ് പറഞ്ഞത്. 30 ഇടങ്ങളിൽ ഇപ്പോൾ

തന്നെ ഈ സംവിധാനങ്ങളൊരുങ്ങിയിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ തെരുവുനായ്ക്കളുടെ എണ്ണത്തിനനുസരിച്ച് നായ ഒന്നിന്, മരുന്നിന് 600 രൂപ, നായ്ക്കളുടെ ട്രാൻസ്പോർട്ടേഷന് 200 രൂപ, ആഹാരത്തിന് 400 രൂപ, ഒരു നായയെ പിടിക്കുന്നതിന് ഡോഗ് ക്യാച്ചേഴ്സിന് നൽകാൻ 300 രൂപ എന്നീ നിരക്കിൽ ആകെ 1,500 രൂപയാണ്. അതത് ഗ്രാമ പഞ്ചായത്ത്-നഗരസഭകളിൽ പിടികൂടിയ നായ്ക്കളെ ബ്ലോക്കുതല എ.ബി.സി. സെന്ററിലെത്തിച്ച് ശസ്ത്രക്രിയ നടത്തി അനന്തരചികിത്സകളും മറ്റും നൽകി പൂർണ്ണആരോഗ്യം ഉറപ്പാക്കേണ്ടതും പെൺനായകൾക്ക് അഞ്ച് ദിവസവും ആൺനായകൾക്ക് നാല് ദിവസവും ഷെൽട്ടർ ഒരുക്കേണ്ടതും അതിനുശേഷം ആരോഗ്യം ഉറപ്പാക്കി പഴയസ്ഥലത്ത് തിരിച്ചുവിടുക എന്നുള്ളതാണ് ഈ പദ്ധതി. എ.ബി.സി. പ്രോഗ്രാം പ്രകാരം നടപടിക്രമങ്ങളും ഓപ്പറേഷനും നടക്കുന്നത് എ.ബി.സി. ഡോഗ് റൂളും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവറും പ്രകാരമാണെന്നുള്ളത് ഉറപ്പാക്കുന്നുണ്ട്. എ.ബി.സി. പ്രോഗ്രാം നടപ്പാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ബഹുമാന്യയായ മിനിസ്റ്റർ വിശദീകരിക്കും.

വളരെ പ്രധാനപ്പെട്ട കാര്യം പൊതുബോധം ഇതിലേയ്ക്ക് വേണ്ടതായിട്ടുണ്ടെന്നുള്ളത് കണ്ടുകൊണ്ട് ഒരു മിഷൻ അടിസ്ഥാനത്തിലാണ് മൂന്ന് വകുപ്പുകളും സംയുക്തമായി ഈ പ്രോഗ്രാം ആസൂത്രണം ചെയ്തിട്ടുള്ളത്. 2025-ഓടുകൂടി കേരളത്തിൽ ഒരു റാബീസ് ഡെത്തും ഹ്യൂമൻ റാബീസ് കേസും ഉണ്ടാകാൻ പാടില്ലെന്നാണ് നമ്മൾ ലക്ഷ്യംവയ്ക്കുന്നത്. ദേശീയ തലത്തിലുള്ള മിഷൻ 2030 ആണ്; അതിന് എല്ലാവരുടെയും എല്ലാ വകുപ്പുകളുടെയും പൊതുസമൂഹത്തിന്റെയും സന്നദ്ധ സംഘടനകളുടെയും സംയോജിതമായിട്ടുള്ള പ്രവർത്തനം അനിവാര്യമാണെന്നുള്ളതുകൊണ്ട് ഈ രീതിയിലുള്ള ഒരു മിഷൻ/യജ്ഞത്തിന്റെ അടിസ്ഥാനത്തിലാണ് ഇതിനെക്കാണുന്നത്.

വാക്സിൻ എടുക്കുന്ന കാര്യത്തിലും ഒരു കാരണവശാലും വിമുഖതയുണ്ടാകരുത്. വാക്സിന്റെ പ്രൊട്ടക്ഷൻ ഈ കേസുകളിൽ നമ്മൾ കണ്ടതാണ്. ഇത്രയുമധികം നായ്ക്കളിൽനിന്നുള്ള കടിയേൽക്കുമ്പോഴും 20 പേർ പേവിഷബാധയേറ്റ് മരിക്കുമ്പോഴും 4 പേർ മാത്രമേ ശരിയായ രീതിയിൽ വാക്സിനെടുത്തിട്ടുള്ളൂ. ഞരമ്പുകളിൽ കടിയേറ്റിട്ടാണ് അവർ മരണപ്പെട്ടിട്ടുള്ളതെന്നാണ് കാണുന്നത്. കാരണം വാക്സിൻ

പ്രവർത്തിക്കുന്നതിനുമുമ്പുതന്നെ വൈറസ് തലച്ചോറിൽ എത്തപ്പെടുന്നുവെന്നുള്ളതാണ്. അതുകൊണ്ട് വാക്സിൻ വളരെ പ്രധാനപ്പെട്ടതാണ്. സർക്കാർ ഗൗരവമായി കണ്ടുകൊണ്ട് കൃത്യമായ ഇടപെടലുകൾ നടത്തുന്നതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണെനിക്ക് പറയാനുള്ളത്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, കോവിഡ് കാലത്ത് കൂടുതൽ വീടുകളിൽ ഓമനമൃഗങ്ങളെ വളർത്താൻ തുടങ്ങിയതുമൂലം നായ്ക്കളുടെയും പൂച്ചകളുടെയും എണ്ണം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ലോക്ക്ഡൗൺ കാലയളവിൽ ഇവയ്ക്ക് രോഗപ്രതിരോധ കുത്തിവയ്പ്പ് കൃത്യമായി നൽകാൻ കഴിയാത്തതിനാൽ അവയിൽ രോഗപ്രതിരോധശേഷി കുറയാനിടയായിട്ടുണ്ട്. കോവിഡ് കാലത്ത് പുതിയതായി ഓമനമൃഗങ്ങളെ വളർത്താൻ തുടങ്ങിയ പല വ്യക്തികളിലും പേവിഷബാധയുമായി ബന്ധപ്പെട്ട ബോധവൽകരണത്തിന്റെ അഭാവത്തിൽ നായ്ക്കളിൽ കുത്തിവയ്പ്പ് നൽകാത്തത് പേവിഷബാധ കേസ്സുകൾ വർദ്ധിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്. പേവിഷബാധ നിർമ്മാർജ്ജനത്തിനായി തദ്ദേശസ്വയംഭരണം സ്ഥാപനങ്ങളും

മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പേവിഷബാധ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് 'റാബീസ് ഫ്രീ കേരള്' പദ്ധതി പ്രകാരം വളർത്തുനായ്ക്കളിൽ പ്രതിരോധ കുത്തിവയ്പ്പ് നടത്തിവരുന്നു. 2021 വർഷം 1,27,128 പേവിഷ പ്രതിരോധ കുത്തിവയ്പ്പ് ഇപ്രകാരം നായ്ക്കളിൽ നടത്തിയിട്ടുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയും പേവിഷ പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തിവരുന്നു. ഈ വിഷയത്തിൽ 26-07-2022-ന് നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമുണ്ടായിട്ടുണ്ട്. വളർത്തുനായ്ക്കൾക്ക് നിർബന്ധിത പേവിഷ പ്രതിരോധ കുത്തിവയ്പ്പും ലൈസൻസും നിർബന്ധമാക്കുന്നതിന് തദ്ദേശസ്വയംഭരണം സ്ഥാപനങ്ങൾക്ക് പ്രസ്തുത കമ്മിറ്റി തീരുമാനപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കൈവശമുള്ള ആറ് ലക്ഷത്തോളം വാക്സിനുകളിൽ അഞ്ച് ലക്ഷത്തോളം വാക്സിനുകൾ ഇതിനകം എല്ലാ മൃഗാശുപത്രികൾക്കും കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള ഒരു

ലക്ഷത്തോളം വാക്സിനുകൾ ഉടൻ വിതരണം ചെയ്യും. ഇനിയും നാല് ലക്ഷത്തോളം വാക്സിനുകളാണ് ജില്ലകളിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ളത്. അവ വാങ്ങി വിതരണം ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. പേവിഷബാധ നിർമ്മാജ്ജനവുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ഉൾപ്പെടെ വ്യാപകമായ ബോധവൽകരണ ക്യാമ്പയിനുകൾ സന്നദ്ധസംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയുമായി ചേർന്നുകൊണ്ട് നടത്തുന്നതാണ്. സംസ്ഥാന വ്യാപകമായി മുഴുവൻ വളർത്തുനായ്ക്കൾക്കും പൂച്ചകൾക്കും ക്യാമ്പുകൾ സംഘടിപ്പിച്ച് സമയബന്ധിതമായി പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. തെരുവ് നായ്ക്കൾക്കും പേവിഷ പ്രതിരോധ കുത്തിവയ്പ്പ് സംസ്ഥാന വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് ഉദ്ദേശം മൂന്ന് ലക്ഷം തെരുവ് നായ്ക്കളുണ്ടെന്നാണ് നമ്മുടെ കണക്ക്. ഇത് നിയന്ത്രിക്കാനും വാക്സിൻ കൊടുക്കാനും സർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്. മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമപ്രകാരം തെരുവ് നായ്ക്കളെ കൊല്ലാൻ നമുക്ക് സാധിക്കില്ല. വന്ധ്യംകരണം മാത്രമാണ് സ്വീകാര്യമായ പരിഹാര മാർഗ്ഗം. തെരുവുകളിൽ ഭക്ഷണാവശിഷ്ടങ്ങൾ അലക്ഷ്യമായി

വലിച്ചെറിയുന്നത് തെരുവ് നായ്ക്കളുടെ ശല്യം അധികരിക്കാൻ ഒരു കാരണമാണ്. ഇതിനെതിരെ വ്യാപകമായ നിലയിൽ ബോധവൽക്കരണം നടത്താനാണ് മൃഗസംരക്ഷണ വകുപ്പ് ഉദ്ദേശിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഒരു കാര്യം ഞാൻ വ്യക്തമാക്കുകയാണ്. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി നമ്മുടെ സംസ്ഥാനത്ത് പ്രതിരോധ കുത്തിവയ്പ്പ് വാക്സിൻ ഉപയോഗിച്ച് എങ്ങനെ ആളുകൾ മരിക്കാനിടയായി എന്നതിനെക്കുറിച്ച് വിശദീകരണം നൽകിയിട്ടുണ്ട്. പക്ഷെ, സമൂഹത്തിൽ കുറച്ച് മരണം ഇപ്പോഴുണ്ടായപ്പോൾ അത് വലിയൊരു ആശങ്ക ഉയർത്തുന്ന നില വന്നിട്ടുണ്ട്. മെഡിക്കൽ വിദഗ്ധരുടെ അഭിപ്രായം തന്നെയാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിച്ചിട്ടുള്ളത്. പക്ഷെ, ജനങ്ങളുടെ ആശങ്ക കണക്കിലെടുത്ത് ഒരു വിദഗ്ധ സമിതി ഈ വാക്സിനെക്കുറിച്ച് പരിശോധന നടത്തുന്നത് നല്ലതായിരിക്കും. അത്തരമൊരു നടപടി ആരോഗ്യ വകുപ്പ് സ്വീകരിക്കുകയും ചെയ്യും. ഒരു വിദഗ്ധ സമിതി രൂപീകരിച്ച് പരിശോധിക്കാനുള്ള സംവിധാനം ആരോഗ്യ വകുപ്പ് നടപ്പാക്കും.

ശ്രീ. പി. കെ. ബഷീർ: സർ, വയനാടിൽ വളർത്തുനായ കടിച്ച് ഒരു വീട്ടമ്മ മരിച്ചിരുന്നു. ശല്യമുള്ള വളർത്തുനായ്ക്കളെ നിയന്ത്രിക്കുന്നതിനോ അല്ലെങ്കിൽ അവയെ വീട്ടിൽ വളർത്തുന്നതിന് ഒരു നിയമം കൊണ്ടുവരുമെന്ന് കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഒരു ചോദ്യത്തിന് മറുപടിയായി സഭയിൽ ഉറപ്പ് നൽകിയിരുന്നു. എന്നാൽ അങ്ങനെയൊരു നിയമം ഇതുവരെയുണ്ടായിട്ടില്ല. ആ കാര്യമൊന്ന് പരിഗണിക്കുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെയും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയുടെയും മറുപടികളുടെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ഗൗരവത്തോടുകൂടിയ ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടിയെ സ്വാഗതം ചെയ്യുകയാണ്. വല്ലാത്ത ഉത്കണ്ഠയാണ്. ഈ വിഷയം റൂൾ 50 ആയി കൊണ്ടുവരാനുള്ള പ്രധാനപ്പെട്ട കാരണം, സ്റ്റാറ്റിസ്റ്റിക്സ് നോക്കിയാൽ ഞെട്ടിപ്പിക്കുന്ന ഭയാനകമായ കണക്കുകളാണ് കാണുന്നത്.

2015 മുതൽ നായ്ക്കളുടെ കടിയേറ്റവരുടെ എണ്ണം ഒരു ലക്ഷത്തിന് മുകളിലാണ്. എന്നാൽ കഴിഞ്ഞ രണ്ടുവർഷങ്ങളായി അത് ഗൗരവമായ തോതിൽ വർദ്ധിക്കുകയാണ്. 2020-ലും 2021-ലും ഇപ്പോൾ 2022 ഈ മാസം കഴിഞ്ഞപ്പോൾ തന്നെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം സംസ്ഥാനത്ത് 5 ലക്ഷം പേർക്ക് നായയുടെയും പൂച്ചയുടെയും കടിയേറ്റിട്ടുണ്ട്. നേരത്തെ വാക്സിൻ വളരെ ഇഫക്ടീവായിരുന്നു. ഒരു കാരണവശാലും ആളുകൾ മരിക്കാറുണ്ടായിരുന്നില്ല. 2020 മുതലാണ് ആളുകൾ മരിക്കാൻ തുടങ്ങിയത്. ഈ വർഷം മരണപ്പെട്ട ആളുകളുടെ എണ്ണം വലിയതോതിൽ വർദ്ധിച്ചിരിക്കുകയും 20 പേരോളമാകുകയും ചെയ്തു. മാതാപിതാക്കൾ ഭയന്നാണ് പിഞ്ചുകുട്ടികളെ സ്കൂളിലേയ്ക്ക് അയയ്ക്കുന്നത്. കാരണം, നായ്ക്കൾ കൂട്ടംചേർന്ന് ആക്രമിക്കുകയാണ്. മൃഗസംരക്ഷണ വകുപ്പുമന്ത്രി വളർത്തുനായ്ക്കളെക്കുറിച്ചാണ് പറഞ്ഞത്. വളർത്തുനായ്ക്കളേക്കാൾ ഗൗരവമായ പ്രശ്നം തെരുവുനായ്ക്കളാണ്. അവ കൂട്ടം ചേർന്ന് കുഞ്ഞുങ്ങളെയും പ്രായമായവരെയും അതുപോലെ സ്ത്രീകളെയും ആക്രമിക്കുകയാണ്. ഒരു സ്ത്രീ അപകടത്തിൽ മരിച്ചു. നായ്ക്കളിൽനിന്നും രക്ഷപെടാൻവേണ്ടി ഫുഡ്പാത്തിൽനിന്നും റോഡിലേയ്ക്ക് ചാടിയ അവരെ വേറെ വണ്ടി

ഇടിക്കുകയും മരണപ്പെടുകയും ചെയ്തു. മുഖത്തും ശരീരത്തുമെല്ലാം ആക്രമിച്ച് കടിക്കുകയാണ്. കുട്ടികളും പ്രായമായവരും പുറത്തേയ്ക്ക് പോകാൻ ഭയപ്പെടുന്ന അവസ്ഥയിലേയ്ക്ക് പോകുകയാണ്. എവിടെ നോക്കിയാലും അതാണ്. കേരളത്തിൽ ഒരു സ്ഥലത്തും പോകാൻ പറ്റാത്ത അവസ്ഥയാണ്. ടൂ-വീലറിൽ പോകുന്നവരുടെ പുറകെ നായ്ക്കൾ ഓടുകയും ടൂ-വീലർ മറിഞ്ഞ് യാത്രകാർ അപകടത്തിൽപ്പെടുകയുമാണ്. ടൂ-വീലറിന്റെ പുറകെ നായ്ക്കൂട്ടം ചേയ്സ് ചെയ്യുകയാണ്. എവിടെയും ഏത് സ്ഥലത്തും ഇതൊരു ഗൗരവതരമായിട്ടുള്ള പ്രശ്നമായി മാറിയിരിക്കുകയാണ്. മൂന്ന് കാര്യങ്ങളാണ് ഞങ്ങൾക്ക് ഗൗരവതരമായി സൂചിപ്പിക്കാനുള്ളത്. ഒന്ന്, വാക്സിനിന്റെ കൃത്യമായ വിതരണം നടക്കുന്നില്ല. രണ്ട്, വാക്സിനിന്റെ ക്വാളിറ്റിയെക്കുറിച്ചുള്ള സംശയമാണ്. അതാണ് മുഖ്യമന്ത്രി പറഞ്ഞത്, വാക്സിനിന്റെ നിലവാരത്തെക്കുറിച്ച് ഒരു വിദഗ്ദ്ധസമിതിയെ വച്ച് അന്വേഷിക്കാമെന്ന്. നേരത്തെ ബഹുമാനപ്പെട്ട പി. കെ. ബഷീർ സൂചിപ്പിച്ചത് സാധാരണയായി ഇവിടെ വാക്സിൻ വാങ്ങാനുള്ള നടപടികൾ നവംബർ മുതൽ മാർച്ച് മാസത്തോ**ടെ** പൂർത്തിയാക്കുകയാണ് ചെയ്യുന്നത്. കഴിഞ്ഞ പ്രാവശ്യം അതൊന്നും ചെയ്തില്ല. ജൂൺ 6-നാണ് Kerala Medical Services

Corporation (KMSCL) വാങ്ങിക്കാൻ തുടങ്ങിയത്. ഒരുപാട് മരുന്നുകളുടെ വിഷയം ഞാൻ തന്നെ ഇവിടെ സബ്മിഷനായി കൊണ്ടുവന്നിട്ടുണ്ട്. പേവിഷ വാക്സിനുമായി ബന്ധപ്പെട്ട് നവംബർ മുതൽ മാർച്ച് വരെ നടപടിക്രമങ്ങൾ പൂർത്തിയാക്കി ജൂണിൽ മരുന്ന് കിട്ടേണ്ടതാണ്. നടപടികൾ തുടങ്ങിയത് ജൂണിലാണ്. തുടങ്ങിയപ്പോഴേയ്ക്കും പെട്ടെന്ന് മരുന്ന് ലഭ്യമാക്കാൻ ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറിയിൽ (സി.ഡി.എൽ.) പരിശോധിച്ചിട്ടുവേണം ഈ വാക്സിൻ വിതരണം ചെയ്യേണ്ടത്. സി.ഡി.എൽ.-ൽ പരിശോധിക്കാതെ മരുന്ന് കൊടുക്കാൻ കെ.എം.എസ്.സി.എൽ. ആവശ്യപ്പെട്ടു. പരിശോധിച്ചില്ലായെന്നതാണ് ഇവിടെ പറഞ്ഞത്. പരിശോധിക്കാതെ, അന്തിമ റിപ്പോർട്ടുകളില്ലാതെ, ഫലപ്രാപ്തി പൂർണ്ണമായും പരിശോധിച്ച് ബോധ്യപ്പെടാത്ത വാക്സിനിന്റെ വിതരണമുണ്ടായി.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞൊരു വിഷയം, പരിശോധനാ റിപ്പോർട്ടില്ലാത്ത ഒരു വാക്സിൻ നമ്മുടെ സംസ്ഥാനത്ത്

കൊടുത്തിട്ടില്ല. അതായത്, ഇൻ-ഹൗസ് റിപ്പോർട്ടുകളും സി.ഡി.എൽ. (സെൻട്രൽ ഡ്രഗ്സ് ലബോറട്ടറി)-ന്റെ റിപ്പോർട്ടും അങ്ങനെ രണ്ട് റിപ്പോർട്ടുകളുള്ള വാക്സിനാണ് കൊടുത്തിട്ടുള്ളത്. ഈ പറഞ്ഞതുപോലെ 60, 80 ദിവസവും അതിലധികവും എടുക്കുന്നത്...., ഡിസംബർ മാസത്തിൽ 04-12-2021-ലാണ് ടെണ്ടർ നടപടികൾ ആരംഭിച്ചത്. അതിലും കൂടുതൽ സമയമെടുക്കുന്ന സാഹചര്യത്തിലാണ് സമാന്തരമായ മാർഗ്ഗങ്ങൾ സ്വീകരിച്ചത്. പക്ഷെ, അപ്പോഴും ഈ പരിശോധനയുള്ളതാണെന്നത് ഉറപ്പുവരുത്തണമെന്ന നിർദ്ദേശമാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, അത് ശരിയായിട്ടുള്ള കാര്യമല്ല. കെ.എം.എസ്.സി.എൽ-ന്റെ മാനേജിംഗ് ഡയറക്ടർക്ക് Vins Bio Products Limited അയച്ച കത്ത് നമ്മുടെ കയ്യിലുണ്ട്. ആ കത്തിൽ പറഞ്ഞിട്ടുണ്ട്,- We have informed the General Manager (procurement) and made him understand about the merits and demerits of supplying our Equine Anti Rabies Immunoglobulin injection 300 so and so..... vial with respect to Drugs and Cosmetics Act, 1940. ഇവിടെ സാധനത്തിന്റെ

ലഭ്യതയില്ലാതെ വന്നപ്പോൾ സി.ഡി.എൽ. പരിശോധിക്കാതെ അയയ്ക്കാൻ നിങ്ങൾ പറഞ്ഞു. പിന്നീട് അത് വിവാദമായപ്പോൾ അവ വിതരണം ചെയ്യുന്നത് നിർത്തിവച്ചു. എന്നിട്ട് തമിഴ്നാടിൽനിന്ന് കൊണ്ടുവന്നു. തമിഴ്നാടിൽനിന്നും കൊണ്ടുവന്നത് ഗുണനിലവാരമില്ലാത്ത വാക്സിനായിരുന്നു. കൃത്യമായ നടപടിക്രമങ്ങൾ നടത്താതെ..., സി.ഡി.എൽ.-ന്റെ പരിശോധനയില്ലാതെ വിതരണം ചെയ്യാനുള്ള സാഹചര്യമുണ്ടായത് കെ.എം.എസ്.സി.എൽ-ന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചയാണ്. 2002-ൽ കേന്ദ്ര ഗവൺമെന്റ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നിലവാരമില്ലാത്ത വാക്സിൻ വ്യാപകമായി വിതരണം ചെയ്യപ്പെടുന്നുണ്ട്. അതിനാലാണ് അത് പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. മാത്രമല്ല, വാക്സിൻ വിതരണത്തിൽ National guidelines for Rabies prophylaxis ഉണ്ട്, National centre for Disease Control-ന്റെ നിബന്ധനകൾ അനുസരിച്ചാണ് ഇത് ചെയ്യുന്നത്. ഈ നിബന്ധനകൾ അനുസരിച്ചാണോ കൃത്യമായി വാക്സിൻ നൽകുന്നതെന്ന് പരിശോധിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. വാക്സിന്റെ ഗുണനിലാവാരം പരിശോധിക്കാനുള്ള സംവിധാനം കേരളത്തിൽ

ഇല്ലാത്തതുകൊണ്ടാണ് സെൻട്രൽ ഡ്രഗ്സ് ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നത്. വാക്സിൻ എടുത്തിട്ടും മരിച്ചവർക്ക് നൽകിയ ആ ബാച്ച് വാക്സിൻ ഗുണനിലവാരമുള്ളതാണോയെന്ന് പരിശോധിച്ചിട്ടില്ല. വാക്സിൻ എടുത്തവർക്ക് അലർജി ഉണ്ടായതായി പല ആശുപത്രികളിൽനിന്നും റിപ്പോർട്ട് വന്നിട്ടുണ്ട്. ഈ വാക്സിൻ എടുത്തതിനുശേഷം അലർജിയും മറ്റുപലതരത്തിലുള്ള പ്രശ്നങ്ങൾ ഉള്ളതായി പല സ്ഥലങ്ങളിൽനിന്നും റിപ്പോർട്ട് ലഭിച്ചിരുന്നു. അലർജി മാത്രമല്ല വാക്സിന്റെ ഇംപാക്ടുമില്ല. അതുപോലെ, പലതരത്തിൽ ക്വാളിറ്റിയില്ലാത്ത അനധികൃതമായ വാക്സിൻ വരുന്നുണ്ടെന്നതാണ് പ്രധാനപ്പെട്ട ഒരുപ്രശ്നം. എ.ബി.സി പ്രോഗ്രാമിനെ സംബന്ധിച്ചതാണ് രണ്ടാമത്തെ പ്രശ്നമെന്ന് പറയുന്നത്. മൂന്ന് മന്ത്രിമാരുംകൂടി ആലോചിച്ച് യോഗം ചേർന്നുയെന്നൊക്കെ ഇവിടെ പറഞ്ഞു. ഇവിടെ ഇരിക്കുന്ന എല്ലാ എം.എൽ.എ.-മാരോടും ഞാൻ ചോദിക്കുകയാണ് നിങ്ങളുടെ ഏത് നിയോജകമണ്ഡലത്തിലാണ് എ.ബി.സി പ്രോഗ്രാം ഇപ്പോൾ നടക്കുന്നത്; The Prevention of Cruelty to Animals Act 1960 ഉണ്ട്. അതനുസരിച്ച് തെരുവ് നായ്ക്കളെ കൊല്ലാൻ സാധിക്കില്ല. IPC യിൽ 428, 429 എന്നീ വകുപ്പുകൾ പ്രകാരം കൊല്ലാൻ

സാധിക്കില്ലെന്നുണ്ട്. അതിനെ sterilize ചെയ്യുകയെന്നതാണ് നമുക്ക് ചെയ്യാൻ സാധിക്കുന്നത്. അതിനെ പിടിച്ചുകൊണ്ടുവന്ന് താമസവും ഭക്ഷണവും വാക്സിനുമൊക്കെ നൽകി sterilize ചെയ്യുകായെന്നുള്ളതാണ്. എന്നാൽ കഴിഞ്ഞ രണ്ട് വർഷമായി sterilization ഗൗരവകരമായി നടക്കുന്നില്ല, വളരെ മോശമായാണ് നടക്കുന്നത്. എ.ബി.സി. പ്രോഗ്രാം (Animal Birth Control Programme) എന്നുപറയുന്നത് ലോകാരോഗ്യ സംഘടനയുടെ ഒരു പ്രധാനപ്പെട്ട പദ്ധതിയാണ്. ആ പദ്ധതി ദയനീയമാംവിധം കഴിഞ്ഞ രണ്ടുവർഷമായി സംസ്ഥാനത്ത് നടക്കുന്നില്ല. നിങ്ങൾ ലോക്കൽ ബോഡിയോട് ചെയ്യാൻ പറഞ്ഞാൻ ലോക്കൽ ബോഡിക്ക് എവിടെയാണ് ഇത്രയ്ക്ക് കാശ്; അതാണ് ശ്രീ. പി. കെ. ബഷീർ ചോദിച്ചത്; ലോക്കൽ ബോഡിക്ക് അവരുടെ സ്വന്തം ഫണ്ടെടുത്ത് sterilization നടത്താൻ സാധിക്കുമോ? അത് ചെലവേറിയതാണ്. അതുകൊണ്ട് സർക്കാർ വിഹിതം അതിന് ആവശ്യമാണ്. കേരളം നേരിടുന്ന ഗൗരവകരമായ ഒരു വിഷയത്തെ സംബന്ധിച്ച് രണ്ട് വർഷമായി ഒന്നും ചെയ്യുന്നില്ല. നിങ്ങൾ മൂന്ന് മന്ത്രിമാർ ചേർന്ന് യോഗം ചേർന്നാൽ തീരുമാനമാകുമോ? എ.ബി.സി. പ്രോഗ്രാം നടക്കുന്നില്ല. അതുകൊണ്ടാണ്

തെരുവുനായ്ക്കളുടെ എണ്ണം ഗുരതരമായി വർദ്ധിച്ചതും, ഭയാനകമായ രീതിയിൽ നായുടെയും പൂച്ചയുടെയും കടിയേറ്റവരുടെ എണ്ണം കൂടുന്നതും ആളുകളുടെ മരണനിരക്ക് വർദ്ധിക്കുന്നതിന്റെയും പ്രധാനപ്പെട്ട കാര്യം. നമുക്ക് ഒരുവിഷയത്തിൽ എപ്പോഴും ഒരു root cause വേണം. എന്താണ് നായ്ക്കൾ വർദ്ധിക്കാനുള്ള കാരണം; കേരളത്തിൽ മാലിന്യം നീക്കം ചെയ്യുന്നതിൽ വളരെ മോശമായ രീതിയിൽ വീണ്ടും താഴേയ്ക്കുവരുകയാണ്. കഴിഞ്ഞ കുറേകാലങ്ങളായി മാലിന്യനീക്കത്തെക്കുറിച്ച് ഗൗരവമായി സംസാരിക്കുന്നുണ്ടെങ്കിലും ഫലപ്രദമായ ഒരു മാലിന്യ നിയന്ത്രണ സംവിധാനം, ഒരു മോഡൽ എവിടെയാണുള്ളത്; തൃക്കാക്കര തെരഞ്ഞെടുപ്പ് കാലത്ത് വോട്ടർമാർ കൊണ്ടുപോയി കൊച്ചിയിലെ ഒരു ഫ്ലാറ്റിന്റെ മുകളിൽനിന്ന് കാണിച്ചു തന്നു. ആ ആറിന്റെ തൊട്ടപ്പുറത്ത് കിടക്കുന്ന കൊച്ചി നഗരത്തിലെ മാലിന്യ കൂമ്പാരത്തെ കാണിച്ചുതന്നു. കേരളത്തിലെ എല്ലാ സ്ഥലത്തും മാലിന്യം എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്; ഗൗരവകരമായ രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. മാലിന്യകൂമ്പാരങ്ങൾ വർദ്ധിക്കുന്നതിലൂടെയാണ് തെരുവുനായ്ക്കളുടെ എണ്ണം പെരുകുന്നത്. അതിനെ പല രീതിയിലാണ് അഡ്രസ്സ് ചെയ്യേണ്ടത്. ഒന്ന്, മാലിന്യം നിർമ്മാർജ്ജനം ചെയ്യാനുള്ള

പദ്ധതികൾക്ക് വേഗത കൂട്ടുക, രണ്ട്, എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടത്തുക. മൂന്ന്, ഗുണനിലവാരമുള്ള വാക്സിൻ കൃത്യമായി വിതരണം നടത്തുക. ഈ മൂന്ന് കാര്യങ്ങളിലും ഗൗരവകരമായ വീഴ്ചകൾ പറ്റിയിട്ടുണ്ട്. അത് പരിശോധിച്ച് അതിനുള്ള നടപടികൾ സ്വീകരിക്കണം. കേരളം വളരെ ഉത്കണ്ഠയോടെ നേരിടുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നവുമാണത്. കുഞ്ഞുങ്ങളും പ്രായമുള്ളവരും നടന്നുപോകുമ്പോൾ അവരെ തെരുവുനായ്ക്കൾ ആക്രമിക്കുന്ന സ്ഥിതിയാണ്. മരണത്തിന്റെ എണ്ണവും വർദ്ധിക്കുന്നതോടുകൂടി ഇതിന്റെ ഗൗരവം വർദ്ധിച്ചിരിക്കുകയാണ്. അതുകൊണ്ട് എല്ലാ ഗൗരവത്തോടുകൂടിയും ഗവൺമെന്റ് വീഴ്ചകൾ മനസ്സിലാക്കി അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്.